**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2727** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ഫെഡറേഷനിലെ ഓഡിറ്റ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സംസ്ഥാനതല അപെക്സ് സംഘമായ സഹകരണ ഫെഡറേഷനിൽ യഥാസമയം ഓഡിറ്റ് നടക്കുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. 2014–‘15 വരെയുള്ള ഓഡിറ്റ് നോട്ട് അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഓഡിറ്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനെ തുടർന്ന് ഗ്രാന്റുകൾ ലഭിക്കുന്നതിൽ തടസ്സം നേരിട്ടിട്ടുണ്ടോ; | (ബി) | ഓഡിറ്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് ഗ്രാന്റുകൾ ലഭിക്കുന്നതിന് തടസ്സം നേരിട്ടിട്ടില്ല. |
| (സി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിയ കോടികളുടെ ഗ്രാന്റുകളിൽ വെട്ടിപ്പ് നടത്തിയതായ പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ നടത്തിയ അന്വേഷണങ്ങളിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ നൽകിയ ഗ്രാന്റുകളിൽ വെട്ടിപ്പ നടത്തിയതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ